**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1022** **02-02-2026 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വന്യജീവികളുടെ ആക്രമണം മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ വിവരവും അവരുടെ ആശ്രിതർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിവരവും ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് 2016 മുതൽ 23/01/2026 വരെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണവും അവരുടെ ആശ്രിതർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിവരവും അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ വന്യജീവികളുടെ ആക്രമണം മൂലം പരിക്കേറ്റവരുടെ വിവരവും അവർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിവരവും ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്ക് പറ്റിയവരുടെ എണ്ണവും നഷ്ടപരിഹാരമായി അനുവദിച്ച തുകയും അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) | വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കോ പരിക്കേറ്റവർക്കോ ആർക്കെങ്കിലും സർക്കാർ നഷ്ടപരിഹാരം ഇതുവരെ നൽകിയിട്ടില്ലെങ്കിൽ അതിന് കാരണമെന്താണ് എന്ന് വിശദമാക്കാമോ; | (സി) | അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ട അനിവാര്യ രേഖകൾ സമർപ്പിച്ചിട്ടില്ലാത്ത അപേക്ഷകർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കുമുള്ള ധനസഹായത്തിനുള്ള അപേക്ഷയും ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മനുഷ്യരുടെ ജീവനും സ്വത്തിനും വന്യജീവികൾ ഉയർത്തുന്ന ഭീഷണി ദിവസം കഴിയുംതോറും വർദ്ധനയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്താണെന്നും; പ്രസ്തുത പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | മനുഷ്യ-വന്യജീവി സംഘർഷത്തിൽ 2016-17 മുതലുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ മനുഷ്യന് ജീവഹാനി സംഭവിക്കുന്ന അപകടങ്ങൾ ക്രമമായി കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. 2016-17 ൽ മനുഷ്യ വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടത് 144 പേരായിരുന്നത് 2024-25 ൽ 67 ആയും (വനത്തിന് പുറത്ത് പാമ്പുകടി അടക്കം) നടപ്പ് വർഷം 21-01-2026 വരെ 42 ആയും കുറഞ്ഞിട്ടുണ്ട്. ഭൂപ്രകൃതി, സംഘർഷങ്ങളിൽ ഉൾപ്പെടുന്ന വന്യജീവി-കളുടെ ഇനം, ഭൂവിനിയോഗം, സാമൂഹിക-സാമ്പത്തിക പശ്ചാത്തലം, ജനവാസമേഖലകൾ, കാർഷിക മേഖലകൾ തുടങ്ങിയവയുടെ വൈവിധ്യ- |

| | | | |
|---|---|---|---|
| | | | ത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ കാരണങ്ങൾ ദേശകാലാടിസ്ഥാനത്തിൽ വ്യത്യസ്തപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ-നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഇത്തരം സംഘർഷങ്ങൾ കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകൾ അഥവാ ഭൂപ്രദേശങ്ങളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അവിടെയുള്ള സംഘർഷ കാരണങ്ങൾ പരിഗണിച്ച് ഏറ്റവും അനുയോജ്യമായ പരിഹാരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലാൻഡ്സ്കേപ്പ് തലത്തിൽ ആസൂത്രണം ചെയ്ത മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് വനം വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. സ്വാഭാവിക വന പുനഃസ്ഥാപനം, വനത്തിനുള്ളിൽ വന്യജീവികൾക്കായി ഭക്ഷ്യ-ജല ലഭ്യത ഉറപ്പുവരുത്തൽ, റിയൽടൈം മോണിറ്ററിംഗ്, പ്രതിരോധ നിർമ്മിതികൾ, ബോധവൽക്കരണം, പങ്കാളിത്ത വനപരിപാലനവും ജീവനോപാധികളുടെ മെച്ചപ്പെടുത്തലും, നഷ്ടപരിഹാര വിതരണം, ദ്രുതകർമ്മ സേനകളുടേയും പ്രൈമറി റെസ്പോൺസ് ടീമുകളുടേയും സേവനം, ഫോറസ്റ്റ് വെറ്ററിനറി വിംഗിന്റെ ശാക്തീകരണം, വിഷയാധിഷ്ഠിത മിഷനുകൾ രൂപീകരിച്ചു ഓരോ മേഖലയിലും പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ, അധിനിവേശ സസ്യജാലങ്ങളുടെ നിർമ്മാർജ്ജനം, തുടങ്ങി പ്രത്യക്ഷവും പരോക്ഷവുമായ നിരവധി മാർഗ്ഗങ്ങൾ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി വനം വകുപ്പ് ഫലപ്രദമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം (1)</u>**

| ക്രമ നം. | വർഷം | ജീവഹാനി സംഭവിച്ചത് | വനത്തിന് പുറത്ത് പാമ്പുകടിയേറ്റ് മരണപ്പെട്ടവർ | നഷ്ടപരിഹാരം (ലക്ഷം രൂപയിൽ) |
|---|---|---|---|---|
| 1 | 2016-17 | 25 | 119 | 239.75 |
| 2 | 2017-18 | 25 | 92 | 198.21 |
| 3 | 2018-19 | 24 | 123 | 242.66 |
| 4 | 2019-20 | 19 | 71 | 221.70 |
| 5 | 2020-21 | 37 | 52 | 270.50 |
| 6 | 2021-22 | 47 | 65 | 444.10 |
| 7 | 2022-23 | 41 | 48 | 337.31 |
| 8 | 2023-24 | 42 | 34 | 709.26 |
| 9 | 2024-25 | 33 | 34 | 797.00 |
| 10 | 2025-26* | 25 | 17 | 230.00 |
| ആകെ | | 318 | 655 | 3690.49 |

** 23/01/2026 വരെ*

<u>അനുബന്ധം **(2)**</u>

| ക്രമ നം. | വർഷം | പരിക്ക് പറ്റിയത് | നഷ്ടപരിഹാരം (Lakhs) |
|---|---|---|---|
| 1 | 2016-17 | 798 | 227.34 |
| 2 | 2017-18 | 846 | 270.75 |
| 3 | 2018-19 | 765 | 258.43 |
| 4 | 2019-20 | 699 | 215.82 |
| 5 | 2020-21 | 988 | 259.27 |
| 6 | 2021-22 | 758 | 254.90 |
| 7 | 2022-23 | 1,275 | 245.73 |
| 8 | 2023-24 | 1,603 | 603.41 |
| 9 | 2024-25 | 1,705 | 578.33 |
| 10 | 2025-26* | 1,116 | 242.28 |
| ആകെ | | 10,553 | 3156.26 |

** 23/01/2026 വരെ*